**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 326** **03.02.2020 - ൽ മറുപടിക്ക്.**

**സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഒ. ആർ. കേളു :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** വയനാട് ജില്ലയിൽ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | **(എ)** ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിനായി ആരംഭിച്ച 'സഞ്ചരിക്കുന്ന റേഷൻകട പദ്ധതി' വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ ഭൂദാനം കോളനിയിലും, മാനന്തവാടി താലൂക്കിലെ ചുരളി കോളനിയിലും നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 2019 ഡിസംബർ മാസം മുതൽ, ഒരു ദിവസം, തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളിൽ നിന്ന് ബന്ധപ്പെട്ട ആദിവാസി ഊരുകളിലെ ഗുണഭോക്താക്കൾക്ക് ഒരു മാസത്തെ ഭക്ഷ്യധാന്യങ്ങൾ കോളനികളിൽ എത്തിച്ച് വിതരണം നടത്തി വരുന്നുണ്ട്. |
| **(ബി)** വയനാട് ജില്ലയിലെ കൂടുതൽ പിന്നോക്ക പ്രദേശങ്ങളിലേക്ക് പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കുമോ? | **(ബി)** പരിഗണനയിലുണ്ട്. |

**സെക്ഷൻ ഓഫീസർ**